# ഗവ.എൽ.പി.എസ്

# വൈശ്യംഭാഗം



## അക്കാദമിക മാസ്റ്റർ പ്ലാൻ

## സ്കൂൾ തലം 2025-2026



Scanned by Scanner Go

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർപ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളേയും വിദ്യാലയ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. അതുവഴി വിദ്യാലയത്തിലെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുകയും ചെയ്യും. എല്ലാ പ്രവർത്തനങ്ങളും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് ജി.എൽ.പി.എസ് വൈശ്യംഭാഗം. പൊതുസമൂഹത്തിന്റെയും രക്ഷിതാക്കളുടേയും പിന്തുണ കൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്തു പകരാൻ ഏറെ സഹായകമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർപ്ലാൻ ഒരുക്കിയിട്ടുള്ളത്.

Scanned by Scanner Go

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ജി.എൽ.പി.എസ് വൈശ്യംഭാഗം |
| മേൽവിലാസം | : വൈശ്യംഭാഗം P.O<br>ആലപ്പുഴ 5 |
| സ്കൂൾ കോഡ് | : 46214 |
| വിദ്യാഭ്യാസ ഉപജില്ല | : മങ്കൊമ്പ് |
| വിദ്യാഭ്യാസ ജില്ല | : കുട്ടനാട് |
| റവന്യൂ ജില്ല | : ആലപ്പുഴ |
| ബി.ആർ.സി | : മങ്കൊമ്പ് |
| സി.ആർ.സി | : പൊങ്ങ |
| ഗ്രാമ പഞ്ചായത്ത് | : നെടുമുടി |
| ബ്ലോക്ക് പഞ്ചായത്ത് | : ചമ്പക്കുളം |
| ജില്ലാ പഞ്ചായത്ത് | : ആലപ്പുഴ |
| നിയമസഭാമണ്ഡലം | : കുട്ടനാട് |
| ലോക് സഭാമണ്ഡലം | : മാവേലിക്കര |
| താലൂക്ക് | : കുട്ടനാട് |
| വില്ലേജ് | : നെടുമുടി |
| ഇ-മെയിൽ വിലാസം | : glps vaisyambhagom @ gmail.com |
| ഫേസ്ബുക്ക് | : GLPS, Vaisyambhagom. |

Scanned by Scanner Go

## ഗവ. എൽ. പി സ്കൂൾ, വൈശ്യംഭാഗം (ചരിത്രം)

106 വർഷത്തെ പാരമ്പര്യം പേറുന്ന വിദ്യാലയ മുത്തശ്ശിയാണ് വൈശ്യംഭാഗം ഗവ. എൽ. പി സ്കൂൾ. ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ നെടുമുടി പഞ്ചായത്ത് വൈശ്യംഭാഗം ഗ്രാമത്തിൽ 12, 13 വാർഡുകളുടെ മധ്യഭാഗത്തു കൂടി കടന്നു പോകുന്ന പാതയോരത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഈ ഗ്രാമത്തിന്റെ തെക്കും പടിഞ്ഞാറും അതിരുകളെ തഴുകിക്കൊണ്ട് പൂക്കൈതയാർ ഒഴുകുന്നു. വയലേലകളും നാട്ടുതോടുകളും കുളങ്ങളും കാവുകളും കൊണ്ട് പ്രകൃതിരമണീയമായ ഈ ഗ്രാമത്തിന് തിലകക്കുറിയായി ഈ വിദ്യാലയം നിലകൊള്ളുന്നു.

കർഷകരും കർഷകതൊഴിലാളികളുമായ സാധാരണക്കാർ തിങ്ങിപ്പാർക്കുന്ന ഈ കുട്ടനാടൻ ഗ്രാമത്തിൽ അടിസ്ഥാന വിദ്യാഭ്യാസത്തിനായി ദൂരദേശത്തേക്ക് പോകേണ്ട അവസ്ഥയായിരുന്നു ഒരുകാലത്ത്. വിദ്യാഭ്യാസത്തിലൂടെ മാത്രമേ നാടിന് പുരോഗതി നേടാനാകൂ എന്ന് മനസ്സിലാക്കിയ ദീർഘദർശികളായ പൂർവ്വികർ ഈ നാട്ടിൽ ഒരു വിദ്യാലയം ഉയർന്നു കാണാൻ അതിയായി ആഗ്രഹിച്ചു.

പൂർവ്വിക സ്വപ്ന സാക്ഷാത്ക്കാരത്തിനായി പുളിയ്ക്കക്കാവ് ദേവസ്വം വക വൈശ്യംഭാഗം മഠത്തിൽപറമ്പ് പുരയിടം ഒരു സ്കൂൾ തുടങ്ങുന്നതിനായി അനുവദിച്ചു നൽകി. 1919-ൽ അവിടെ ഒരു കുടിപ്പള്ളിക്കൂടം ഉയരുകയും ചെയ്തു. ആദ്യകാലത്ത് വൈശ്യംഭാഗം

Scanned by Scanner Go

എൻ. എസ്സ്. എസ്സ് കരയോഗത്തിനായിരുന്നു സ്കൂളിന്റെ ചുമതല. പിന്നീട് 1946 ഒക്ടോബറിൽ ദേവസ്വം ഭരണ സമിതി യോഗ തീരുമാന പ്രകാരം 1947-48 കാലയളവിൽ പള്ളിക്കൂടവും അതിരുന്ന ദേവസ്വം ഭൂമിയും സർക്കാരിലേക്ക് ദാനമായി നൽകി.

ഒരു നൂറ്റാണ്ട് നീളുന്ന കാലയളവിൽ ഒട്ടനവധി ഗുരുഭൂതന്മാർ ഈ സരസ്വതി ക്ഷേത്രത്തിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നിലവിൽ പ്രധാന അധ്യാപിക ഉൾപ്പെടെ നാല് അധ്യാപകരും ഒരു PTCM-ഉം പ്രീപ്രൈമറിയിൽ ഒരു ടീച്ചറും ആയയും സേവനം ചെയ്യുന്നു.

## ലക്ഷ്യങ്ങൾ

★ ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.

★ വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

★ വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുതകുന്ന സംവിധാനങ്ങൾ ഒരുക്കുന്നു.

★ വിദ്യാലയങ്ങളിലെ പഠന പിന്തുണാസംവിധാനങ്ങളായ ലൈബ്രറി, കമ്പ്യൂട്ടർ തുടങ്ങിയവയിലെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

★ സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം) എന്നിവ വിദ്യാർത്ഥി സൗഹൃദപരമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.

★ ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.

Scanned by Scanner Go

* വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും തമ്മിൽത്തമ്മിൽ ഉത്കൃഷ്ടമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

* ഓരോ വിദ്യാർത്ഥിയെയും ഒരു വ്യക്തിയായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.

* പാർശ്വവത്കരിക്കപ്പെട്ടവരും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

Scanned by Scanner Go

ഭക്ഷ്യമേള —

നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും - ആഗസ്റ്റ് 6 ന് സ്കൂളിൽ സംഘടിപ്പിച്ചു. എല്ലാ കുട്ടികളും പങ്കെടുത്തു

Spoken English - എല്ലാ ശനിയാഴ്ചയും 10 മുതൽ 12 വരെ വിദ്യാർത്ഥികൾക്ക് പൂർവ്വവിദ്യാർത്ഥിയായ (ശ്രീ). മാത്യൂസ് സാറിന്റെ കൂട് ക്ലാസ് സംഘടിപ്പിക്കുന്നു 1 മുതൽ 4 വരെയുള്ള എല്ലാ കുട്ടികളും ക്ലാസിൽ പങ്കെടുക്കുന്നു.

Scanned by Scanner Go

മേഖല : അക്കാദമികം

ഉപമേഖല : പരിസര പഠനം

ക്ലാസ് : I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാരശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള : പ്രദർശനം. നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം ഔഷധത്തോട്ടം, ചുറ്റുവട്ടത്താകെ | നവംബർ<br>ജനുവരി | SRG<br>SMC | SMC |

Scanned by Scanner Go

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

ക്ലാസ് : II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരമൊരുക്കൽ | സ്കൂൾ തലത്തിൽ Spoken English ക്ലാസ് സംഘടിപ്പിക്കുക. | | SMC, SRG. | |
| | Let's talk | | | |
| | പ്രതിഭാധനരുമായി സംവദിക്കൽ | മൂന്ന് മാസത്തിൽ ഒന്ന്. | SRG<br>class teacher | |
| | English ബാലസഭ | മാസത്തിൽ ഒന്ന് | SMC | SSA |
| | ഇംഗ്ലീഷ് അസംബ്ലി | | | |
| | One day English | ആഴ്ചയിൽ ഒന്ന് | | |

Scanned by Scanner Go